**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോട്ടയ്ക്കൽ നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽപരിശോധന- ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ആർ.ബാലുവിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 873/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 22.04.2019

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.09.2016 തീയതിയിലെ ഇ 26(എസ്.സി 02/16/എൻപിഎം) 28309/16/യുഎ നം. കത്ത്

2. സർക്കാരിന്റെ 04.05.2017 തീയതിയിലെ ഇയു2-112/2017/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ശ്രീ. ആർ.ബാലു സമർപ്പിച്ച 05.07.2017 തീയതിയിലെ പ്രതിവാദപത്രിക

4. നഗരകാര്യഡയറക്ടറുടെ വി2-12211/2017 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയ്ക്കൽ നഗരസഭയിൽ വിജിൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 'ഓപ്പറേഷൻ ടൌൺ & സിറ്റി' എന്ന പേരിൽ 16/01/16 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ 46 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ 30 ദിവസത്തിലധികം പെന്റിംഗ് ആയിരുന്നുവെന്നും ബിൽഡിംഗ് കംപ്ലീഷൻ ആപ്ളിക്കേഷൻ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ലെന്നും ആയത് ക്ളാർക്ക് ശ്രീ. ആർ.ബാലുവിന്റെ വീഴ്ചയാണെന്നും കണ്ടെത്തിയതിനെ തുടർന്ന് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ബാലു സമർപ്പിച്ച മറുപടിയിൽ കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ പരിശോധനാറിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ ഇക്കാര്യത്തിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ബാലു സമർപ്പിച്ച മറുപടി പ്രകാരം, വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കുന്ന 46 ഫയലുകളിൽ അപേക്ഷകന് അറിയിപ്പ് നൽകാനുള്ള ഫയലുകളിൽ അറിയിപ്പ് നൽകിയിരുന്നുവെങ്കിലും രജിസ്റ്ററിൽ എഴുതാൻ വിട്ടുപോയതാണെന്നും, ഇതിൽ മലപ്പുറം ജില്ലാ ടൌൺ പ്ളാനർക്ക് സമർപ്പിച്ചവയും ഫയർ എൻ.ഒ.സിക്ക് അയച്ചവയും, ഹൈക്കോടതി കേസുകളും എഞ്ചിനീയറുടെ പരിഗണനയിൽ ഉള്ളവയും ഉൾപ്പെടുമെന്നും ശ്രീ. ബാലു മറുപടി നൽകിയിരിക്കുന്നതായും, വിജിലൻസ് പരിശോധനാ ദിവസമായ 16/01/2016 തീയതിയിൽ ടിയാൻ അവധിയിലായിരുന്നതിനാൽ വിജിലൻസ് അധികൃതർ ആവശ്യപ്പെട്ട ഫയലുകൾ എടുത്ത് കൊടുക്കാൻ സാധിക്കാതെ വന്നതാണെന്നും 19/01/2016 തീയതിയിൽ വിജിലൻസ് ഓഫീസിൽ 2015-16 വർഷത്തെ മുഴുവൻ പെർമിറ്റ് ഫയലുകളും ഹാജരാക്കിയിരുന്നുവെന്നും ടിയാന്റെ ഭാഗത്ത് മനപൂർവ്വമല്ലാത്ത വീഴ്ച വന്നിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കി തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും ടിയാൻ അപേക്ഷിച്ചിട്ടുണ്ട് .

3. കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിജിലൻസ് റിപ്പോർട്ടിൽ 46 ഫയലുകളുടെ നമ്പർ പരാമർശിച്ചിട്ടില്ലാത്തതാണെന്നും, എന്നിരുന്നാലും ടി കാലളവിൽ 30 ദിവസത്തിനകം പെന്റിംഗ് ആയിട്ടുള്ള ഫയലുകൾ (ബി.എ 370/15-16, 406/15-16, 412/15-16, 409/15-16, 405/15-16, 408/15-16, 388/15-16, 401/15-16, 407/15-16, 410/15-16, 373/15-16, 385/15-16, 386/15-16) പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകം പെർമിറ്റ് അനുവദിക്കുകയോ രേഖാമൂലം നോട്ടീസ് നൽകിയതായോ പരിശോധനയിൽ കണ്ടെത്താനായിട്ടില്ലായെന്ന്, റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

4. വിജിലൻസ് പരിശോധനാ ദിവസം ശ്രീ.ആർ ബാലു അവധിയിലായിരുന്നുവെന്ന് അറ്റഡൻസ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം കാണുന്നതായും മേൽ പരാമർശിത ഫയലുകൾ 300 $M^2$ താഴെ വരുന്നതാകയാൽ മുനിസിപ്പൽ എഞ്ചിനീയർ ഒപ്പ് വെച്ച് പെർമിറ്റ് നൽകേണ്ടവയാണെന്നും മേൽ വസ്തുതകളിൽ നിന്നും വിജിലൻസ് റിപ്പോർട്ടിൽ പരാമർശിക്കും പ്രകാരം 30 ദിവസത്തിനകം നോട്ടീസ് നൽകുന്നതിൽ ക്ളർക്കിന്റെ ഭാഗത്ത് വീഴ്ച വന്നതായും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം കെ.എം.ബി. ആർ ചട്ടം 13 പ്രകാരം 30 ദിവസത്തിനുള്ളിൽ പെർമിറ്റോ, അല്ലെങ്കിൽ നിരസിച്ച അറിയിപ്പോ നൽകണമെന്ന വ്യവസ്ഥ ടിയാൻ പാലിച്ചിട്ടുള്ളതായി കാണുന്നില്ല എന്നും റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണത്തിലും ടി അപാകത കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും, ആയതിനാൽ ശ്രീ.ബാലുവിനെതിരെ ഉചിതമായ തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ 30 ദിവസത്തിലധികം നടപടി സ്വീകരിക്കുന്നതിൽ കോട്ടയ്ക്കൽ നഗരസഭയിലെ ക്ലർക്കായിരുന്ന ശ്രീ. ബാലുവിന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതിനാൽ ടിയാനെതിരായ ആരോപണം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

7. മേൽ സാഹചര്യത്തിൽ കോട്ടയ്ക്കൽ നഗരസഭയിലെ ക്ളാർക്ക് ശ്രീ. ആർ.ബാലുവിനെതിരെ വിജിലൻസ് ശുപാർശയുടെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരുവർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. ആർ.ബാലു, ക്ലർക്ക്, ആലപ്പുഴ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് (ഡി) വകുപ്പ് (30.10.2018 തീയതിയിലെ VIG D1/1019/2018-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ